# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *509** 02.7.2013 ൽ മറുപടിക്ക്

## റോഡപകടങ്ങളും മരണനിരക്കും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ.ബേബി:<br>" എസ്. ശർമ്മ:<br>" ആർ. രാജേഷ്:<br>" ബി.ഡി. ദേവസ്സി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
| (എ) | റോഡപകടങ്ങളും അതുമൂലമുള്ള മരണനിരക്കും കൂടിവരുന്നതായുള്ള സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (എ) | ഉണ്ട്. |
| (ബി) | റോഡപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ലേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br><br>പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ, ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. ജില്ലാതലത്തിൽ സ്പീഡ് ടെസ്റ്ററുകൾ ഉപയോഗിച്ചും, മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികളുടെ ആദ്യഘട്ടം പൂർത്തിയായി. ഇതിന്റെ ഭാഗമായി സർവയ്ലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ബോധവല്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ 34 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തനം നടത്തിവരുന്നു. |
| (സി) | കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത് വൈകുന്നേരം 3-നും 6-നും ഇടയ്ക്കാണെന്നുള്ള ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പരിഗണിച്ച് പ്രസ്തുത സമയങ്ങളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് സിറ്റി കേന്ദ്രീകരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | തിരക്കുള്ള സമയത്ത് ടിപ്പർ ലോറികൾ, അപകടകരമായ വസ്തുക്കൾ കയറ്റുന്ന ടാങ്കറുകൾ, ഡ്രൈവിംഗ് പഠിപ്പിക്കുന്ന വാഹനങ്ങൾ എന്നിവ സർവ്വീസ് നടത്തുവാൻ പാടില്ല എന്ന് നിയമമുണ്ടാക്കി കർശനമായി പാലിച്ചുവരുന്നു. സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്. പ്രസ്തുത സമയങ്ങളിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി സിറ്റി കേന്ദ്രീകരിച്ച് എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം കൊടുത്തിട്ടുള്ളതാണ്. തിരക്കേറിയ സ്ഥലങ്ങളിലും, നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിലും, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് കോണുകളും റോഡ് ഡിവൈഡറുകളും സ്ഥാപിക്കുകയും, ട്രാഫിക് പോലീസുകാരെയും, ട്രാഫിക് വാർഡൻമാരെയും, ഹോം ഗാർഡുകളേയും നിയമിക്കുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ റോഡ് ക്രോസ് ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | ബസ്സുകളിൽ സുഗമമായി ആളെ കയറ്റുന്നതിനും സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ സേവനം ഉപയോഗിച്ചു വരുന്നു. ട്രാഫിക് സുരക്ഷയുടെ ഭാഗമായി വലിയ വാഹനങ്ങൾ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ നഗരങ്ങളിൽ പ്രവേശിക്കുന്നത് നിരോധിച്ചിട്ടുണ്ട്. കൂടുതൽ അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ സ്പീഡ് ഗവേർണറുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ മൽസരഓട്ടം നിയന്ത്രിക്കുന്നതിനും, വേഗത പരിശോധിക്കുന്നതിനും നടപടികളെടുത്തിട്ടുണ്ട്.. പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക്ക് കുറ്റകൃത്യങ്ങൾ തടയുന്നതിനായി ട്രാഫിക് ചാനലൈസർ, ട്രാഫിക് കോണുകൾ, ല്യൂമിനസ് ജാക്കറ്റ്, സിഗ്നൽ ലൈറ്റ് ബാറ്റൺ, കോൺവെക്സ് മിറർ, സ്പീഡ് ചെക്ക് റഡാർ, ബാരിക്കേഡിംഗ് ടേപ്പ്, ബാരിക്കേഡിംഗ് ചെയിൻ, ഇന്റർസെപ്റ്റർ സേവനം, ക്യാമറകൾ ഇടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. |
| **(ഡി)** | **വാഹനാപകടംമൂലം കാൽ നടക്കാരുടെ മരണനിരക്ക് കൂടുന്നതിനുള്ള കാരണം എന്താണെന്നും, ഇത് പരിഹരിക്കാൻ മോട്ടോർ വാഹന വകുപ്പ് പഠനവും ബോധവൽക്കരണവും നടത്തുമോ;** | **(ഡി)** | ബോധവല്ക്കരണം നടത്തുന്നുണ്ട്. സ്കൂൾ സിലബസ്സുകളിൽ ഇത്തരം കാര്യങ്ങൾ ചേർത്തു പഠിപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ട്. |
| **(ഇ)** | **വാഹന പരിശോധനയ്ക്ക് മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണെന്നും ഇത് കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?** | **(ഇ)** | സ്പീഡ് ട്രേസറുകളും, അത്യാന്താധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹന പരിശോധന നടത്തിവരുന്നു. ചേർത്തല മണ്ണുത്തി റോഡ് അപകടരഹിത മാതൃകാ റോഡാക്കി മാറ്റുന്നതിന്റെ ഭാഗമായി സർവൈലൻസ് ക്യാമറകൾ ഉപയോഗിച്ചുള്ള വാഹന പരിശോധന നടത്തിവരുന്നു. ഈ പദ്ധതി മഞ്ചേശ്വരം വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വകുപ്പിന്റെ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, മേഖലാ തലത്തിലെ ഫ്ലൈയിങ് സ്ക്വാഡുകൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സ്ക്വാഡ് എന്നിവയും വാഹന പരിശോധന നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഡ്രൈവിങ് ടെസ്റ്റ് കൂടുതൽ കർക്കശമാക്കുന്നതിനും ഡ്രൈവർമാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | റോഡപകടങ്ങൾ കുറയ്ക്കുന്നത് ലക്ഷ്യംവച്ച് ഡ്രൈവിംഗ് ടെസ്റ്റ് കർശനമാക്കുന്നതിനുവേണ്ടി ഡ്രൈവിംഗ് ടെസ്റ്റ് ക്യാമറയിൽ പകർത്തുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട് കൂടാതെ ഡ്രൈവിംഗ് പഠിതാക്കൾക്കും, എല്ലാ തരത്തിൽപ്പെട്ട ഡ്രൈവർമാർക്കും അധിക പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ